**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1453** **08-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ വിദ്യാലയങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ വിദ്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | 30 ദിവസത്തിൽ കൂടുതലുള്ളതും ആറ് മാസത്തിൽ കുറവുള്ളതുമായ അവധി ഒഴിവിലെ നിയമനങ്ങളും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തി വരുന്നു. പി.എസ്.സി യ്ക്ക് ബാധകമായ എല്ലാ യോഗ്യതകളും ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും സ്കൂൾ പ്രധാനാദ്ധ്യാപകന്റെ നേതൃത്വത്തിലുള്ള ഇന്റർവ്യൂ ബോർഡ് നിയമനം നടത്തുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് പ്രായപരിധി ഉണ്ടോ; ഉയർന്ന പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പ്രായപരിധിയുണ്ട്. പി.എസ്.സി നിയമനങ്ങൾക്ക് ബാധകമായ വ്യവസ്ഥകൾ പ്രകാരമാണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. ജനറൽ വിഭാഗത്തിന് 40 വയസ്സ്, ഒ.ബി.സി വിഭാഗത്തിന് 43 വയസ്സ്, എസ് സി/ എസ് റ്റി വിഭാഗത്തിന് 45 വയസ്സ് എന്നിങ്ങനെയാണ് ഉയർന്ന പ്രായപരിധി. എന്നാൽ 45 വയസ്സിന് മുകളിലുള്ളവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പ്രായപരിധി കഴിഞ്ഞതിനാൽ പി എസ് സി പരീക്ഷ എഴുതി സ്ഥിരം അധ്യാപക ജോലി നേടാൻ കഴിയാത്തതിനാൽ പ്രയാസമനുഭവിക്കുന്ന യോഗ്യതയുള്ള അധ്യാപകർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നതിന് ഏതെങ്കിലും തടസ്സം നിലവിലുണ്ടോ;വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | പ്രായപരിധിയുണ്ട്. പി.എസ്.സി നിയമനങ്ങൾക്ക് ബാധകമായ വ്യവസ്ഥകൾ പ്രകാരമാണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. ജനറൽ വിഭാഗത്തിന് 40 വയസ്സ്, ഒ.ബി.സി വിഭാഗത്തിന് 43 വയസ്സ്, എസ് സി/ എസ് റ്റി വിഭാഗത്തിന് 45 വയസ്സ് എന്നിങ്ങനെയാണ് ഉയർന്ന പ്രായപരിധി. എന്നാൽ 45 വയസ്സിന് മുകളിലുള്ളവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | പി.എസ്.സി പരീക്ഷ എഴുതുന്നതിനുള്ള ഉയർന്ന | (ഡി) | പ്രായപരിധിയുണ്ട്. പി.എസ്.സി നിയമനങ്ങൾക്ക് |

| | | | |
|---|---|---|---|
| | പ്രായപരിധികഴിഞ്ഞ യോഗ്യതയുള്ള അധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | ബാധകമായ വ്യവസ്ഥകൾ പ്രകാരമാണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. ജനറൽ വിഭാഗത്തിന് 40 വയസ്സ്, ഒ.ബി.സി വിഭാഗത്തിന് 43 വയസ്സ്, എസ് സി/ എസ് റ്റി വിഭാഗത്തിന് 45 വയസ്സ് എന്നിങ്ങനെയാണ് ഉയർന്ന പ്രായപരിധി. എന്നാൽ 45 വയസ്സിന് മുകളിലുള്ളവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

സ.ഉ.(കൈ) നം.89/2022/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - 2022-23 അധ്യയന വർഷം സർക്കാർ സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം -മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്

സ.ഉ.(കൈ) നം.89/2022/GEDN തീയതി,തിരുവനന്തപുരം, 27-05-2022

പരാമർശം:- 1. 22.10.2021 ലെ സ.ഉ.(സാധാ) നമ്പർ.4754/2021/പൊ.വി.വ ഉത്തരവ്

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 24.05.2022 ലെ നം.എച്ച്(2)/7645/2022/ഡി.ജി.ഇ നമ്പർ കത്ത്

ഉത്തരവ്

2021-22 അധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക/ഫുൾടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപക നിയമനങ്ങൾ നടത്തുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു. 2022-23 അധ്യയന വർഷത്തിലേക്കും സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക/ഫുൾടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപക നിയമനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 30 ദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള ഒഴിവുകളിൽ, ചുവടെ പറയുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ട് 2022-23 അധ്യയന വർഷവും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക/ഫുൾടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപക നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1 ) അതാത് കാലത്ത് നിലവിലിരിക്കുന്ന തസ്തിക നിർണയ ഉത്തരവ് പ്രകാരം ഏതെങ്കിലും കാറ്റഗറിയിൽ അധ്യാപകർ അധികമെന്നു കണ്ടെത്തിയ സ്കൂളുകളിൽ അവർ തുടരുന്നുവെങ്കിൽ പ്രസ്തുത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തരുത്. അധികമായി കണ്ടെത്തിയ അധ്യാപകരെ നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥലം മാറ്റി ക്രമീകരിക്കേണ്ടതാണ്.

2) 14/08/2002 ലെ ജി.ഒ(പി) നമ്പർ. 249/2002/പൊ.വി.വ, 20/12/2004 ലെ ജി.ഒ(പി) നമ്പർ 382/2004/പൊ.വി.വ, 11/02/2021 ലെ ജി.ഒ(പി) നമ്പർ. 29/2021/ധന തുടങ്ങിയ ഉത്തരവുകളിലൂടെ സർക്കാർ ഈ വിഷയത്തിൽ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ കർശനമായും

പാലിച്ചിരിക്കേണ്ടതാണ്.

3) പി.എസ്.സി റാങ്ക് ലിസ്റ്റ്/ഷോർട്ട് ലിസ്റ്റ് നിലനിൽക്കുന്ന ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അപേക്ഷകരായിട്ടുണ്ടെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. എന്നാൽ പ്രസ്തുത അധ്യാപകന്റെ സേവന വ്യവസ്ഥകൾ യാതൊന്നും തന്നെ ഭാവിയിൽ ടിയാൾക്ക് പി.എസ്.സി മുഖേനയുള്ള സ്ഥിരനിയമനം ലഭിക്കുകയാണെങ്കിൽ യാതൊരാനുകൂല്യങ്ങൾക്കും കണക്കാക്കുന്നതല്ല.

4) കെ-ടെറ്റ് യോഗ്യത നേടിയ/ഇളവ് ലഭിച്ചിട്ടുള്ള അധ്യാപകരെയാണ് ദിവസവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്.

5) ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകർ റഗുലർ ഒഴിവിൽ തുടരുന്ന കാരണത്താൽ പ്രസ്തുത ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കരുത്. അപ്രകാരം കൃത്യവിലോപം കാട്ടുന്ന പ്രഥമാധ്യാപകരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

6) ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന അധ്യാപകർക്ക് ധനവകുപ്പ് അതതുകാലത്തേയ്ക്ക് ബാധകമാക്കി പുറപ്പെടുവിക്കുന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ ദിവസവേതനം അനുവദിക്കാവുന്നതാണ്.

7) ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ മുൻപറഞ്ഞ, മാനദണ്ഡങ്ങളനുസരിച്ചുള്ള ഒഴിവിൽ അതത് സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യതയുള്ള അധ്യാപകരെ (HSST/HSST(Jr)/NVT/NVT(Jr)/Vocational Teacher) ഇപ്രകാരം നിയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ആർ ഡി ഡി/വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ(വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്,വിവര പൊതുജന സമ്പർക്ക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ),കേരള,തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by N.k. Sheena
Date: 27-05-2022 17:54:29
സെക്ഷൻ ഓഫീസർ

പകർപ്പ്

സെക്ഷൻ ഓഫീസർ